പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3121 13-03-2017-ലെ മറുപടിയ്ക്ക്

## കാർഷിക മേഖലയിൽ പശ്ചാത്തല സൗകര്യ വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.ടി.തോമസ്<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. അനിൽ അക്കര | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയിൽ പശ്ചാത്തല സൗകര്യ വികസനത്തിന് ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുമോ; | (എ) | ആർ.ഐ.ഡി.എഫ്. പദ്ധതികൾ (റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് ഫണ്ട്), ആർ.കെ.വി.വൈ. പദ്ധതികൾ (രാഷ്ട്രീയ കൃഷി വികാസ് യോജന), നെൽ കൃഷി വികസന പദ്ധതി, മൂല്യവർദ്ധനവിനുള്ള പദ്ധതി എന്നിവയാണ് പശ്ചാത്തല വികസനത്തിനായി ആവിഷക്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ |
| (ബി) | പുതു തലമുറയെ കാർഷികവൃത്തിയിലേക്ക് ആകർഷിക്കുന്നതിനായി നൂതന സംരംഭങ്ങൾക്ക് തുടക്കം കുറിക്കുമോ? | (ബി) | കാർഷിക വൃത്തിയിലേയ്ക്ക് പുതുതലമുറയെ ആകർഷിക്കുന്നതിന് ആധുനിക കാർഷിക സങ്കേതങ്ങൾ പരിചയപ്പെടുത്തുകയും കൃഷി ലാഭകരമായ ഒരു തൊഴിലാണെന്ന് ബോദ്ധ്യപ്പെടുത്തുകയും ചെയ്യും. ഇതിനായി സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന പോളിഹൗസ് കൃഷിയ്ക്കായി പോളിഹൗസ് നിർമ്മിക്കുന്നതിന് ധനസഹായം നൽകിവരുന്നു. കൂടാതെ പച്ചക്കറികൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈടെക് കൃഷി രീതികളായ റെയിൻ ഷെൽട്ടർ (മഴമറ), സൂക്ഷ്മ ജലസേചനവും ഫെർട്ടിഗേഷനും എന്നീ നൂതന കാർഷിക രീതികൾക്കും ധനസഹായം നൽകിവരുന്നു. അടുത്ത വാർഷിക പദ്ധതിയിൽ പുതു തലമുറയെ ആകർഷിക്കത്തക്ക രീതിയിൽ പച്ചക്കറി വികസന പദ്ധതി, ഫ്ലോറി കൾച്ചർ വികസനം, ഔഷധ സസ്യകൃഷി വികസനം , ഹൈടെക് കൃഷി, അഗ്രോസർവ്വീസ് സെന്ററുകളും സേവനം എത്തിക്കലും, പ്രത്യേക കാർഷിക മേഖലകൾ അടിസ്ഥാനപ്പെടുത്തിയുള്ള കൃഷി എന്നിവ വിഭാവനം ചെയ്ത് നടപ്പിലാക്കാൻ ലക്ഷ്യമിടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ